


# ജി യു പി എസ് എലപ്പുള്ളി
# സ്വാതന്ത്ര്യ ദിനാഘോഷം

ഭാരതം 79 -ആം സ്വാതന്ത്ര്യം ദിനം ആഘോഷിക്കുന്ന ഈ വേളയിൽ ജി യു പി എസ് എലപ്പുള്ളിയിലും വിപുലമായ രീതിയിൽ സ്വാതന്ത്രദിനാഘോഷപരിപാടികൾ സംഘടിപ്പിച്ചു.



അതിനു മുന്നോടിയായി എക്സിക്യൂട്ടീവ് യോഗം കൂടി ആഘോഷം എങ്ങനെയൊക്കെ ആഘോഷിക്കാം എന്നതിനെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനിച്ചു. തുടർന്ന് വിദ്യാലയം തോരണങ്ങൾ കൊണ്ട് അലങ്കരിച്ചു.ഗാന്ധി പ്രതിമ മോഢിപിടിപ്പിച്ചു.



വിദ്യാലയത്തിലെ ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ അംശബന്ധവുമായി ബന്ധപ്പെട്ട് പതാക നിർമ്മാണം നടത്തി കുട്ടികൾക്ക് വിതരണം ചെയ്തു



അതുകൊണ്ടുതന്നെ സ്വാതന്ത്ര്യദിനാഘോഷ ദിവസം കുട്ടികൾ പതാകയുമായാണ് വിദ്യാലയത്തിലേക്കുവന്നത് അത് ആ ദിവസത്തെ കൂടുതൽ മനോഹരമാക്കി തീർത്തു.



തുടർന്ന് വിദ്യാലയത്തിൽ കൃത്യം 9 മണിക്ക് പ്രധാന അധ്യാപകൻ ശ്രീ ബാലകുമാർ സാർ പതാക ഉയർത്തി.


പി.സ്കൂൾ.എലപ്പുള്ളി
G.U.P.S ELAPPULLY
SSK PALAKKAD
CHITTUR BRC, CIVIL WORK-2019-20
DILAPIDATED BUILDING
AMOUNT-65LAKHS


യു.പി.സ്കൂൾ.എലപ്പുള്ളി
ഇംഗ്ലീഷ് മീഡിയം & മലയാളം മീഡിയം
GUPS ELAPPULLY

വിദ്യാർത്ഥികൾ പതാക ഗാനം ആലപിച്ചു.



തുടർന്ന് പിടിഎ പ്രസിഡൻറ് ശ്രീ ഗംഗാധരൻ അവർകൾ,



സീനിയർ അധ്യാപിക ശ്രീമതി ശ്രീലത ടീച്ചർ,



പിടിഎ എക്സിക്യൂട്ടീവ് അംഗമായ ശ്രീ രാമചന്ദ്രൻ എന്നിവർ ആശംസ അറിയിച്ചു



.

തുടർന്ന്  മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, അറബി എന്നീ ഭാഷകളിൽ കുട്ടികൾ സ്വാതന്ത്ര്യദിന സന്ദേശം കൈമാറി






.

തുടർന്ന് സ്വാതന്ത്ര്യ സമര സേനാനികളുടെ  വിവിധ വേഷങ്ങളിൽ എത്തിയ വിദ്യാർത്ഥികൾക്കായി പ്രച്ഛന്ന വേഷമത്സരം  നടത്തി സമ്മാനം നൽകി ആദരിച്ചു.















തുടർന്ന് മലയാളം, അറബി, സംസ്കൃതം ,ഹിന്ദി എന്നീ ഭാഷകളിൽ കുട്ടികൾ ദേശഭക്തിഗാനം  ആലപിച്ചു.



+



അതിനുശേഷം ജയ്ഹോ എന്ന  ഹിന്ദി ഗാനത്തിനൊത്ത് കുട്ടികൾ ചുവടുവെച്ചു.



തുടർന്ന് വിദ്യാലയത്തിലെ ഓരോ  ക്ലാസുകളിലും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക്  സമ്മാനം നൽകി ആദരിച്ചു.



കനറാബാങ്ക് എലപ്പുള്ളി ബ്രാഞ്ച്  പഠിത്തത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന 40 എസ് സി വിഭാഗം പെൺകുട്ടികൾക്ക് 3000 രൂപ കാഷ് പ്രൈസ് നൽകി ആദരിച്ചു



അതുപോലെ സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട് ദീപിക പത്രം വിദ്യാലയത്തിൽ കളർ ഇന്ത്യ മത്സരം സംഘടിപ്പിച്ചു.





തുടർന്ന് കുട്ടികൾക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്തു.ഏറ്റവും ഒടുവിലായി സ്റ്റാഫ് സെക്രട്ടറി ശ്രീമതി സ്മിത ടീച്ചർ



ആഘോഷത്തിൽ പങ്കെടുത്ത എല്ലാവർക്കും ഹൃദ്യമായ ഭാഷയിൽ നന്ദി പറഞ്ഞു കൊണ്ട് പരിപാടികൾ അവസാനിപ്പിച്ചു.

..................ശുഭം...................